LIBRARY ARCHIVES Kerala Legislative Assembly

വാനനിരീക്ഷണ കേന്ദ്രത്തെ സംരക്ഷിത സ്മാരകമാക്കാൻ നടപടി

103 (1539) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ഇരുന്നൂറ് വർഷത്തോളം പഴക്കമുള്ളതും പൈതൃക ശേഷിപ്പുമായ ആദ്യകാല വാനനിരീക്ഷണ കേന്ദ്രം പുരാവസ്തു വകുപ്പിനെക്കൊണ്ട് ഏറ്റെടുപ്പിച്ച് പുനരുദ്ധരിക്കണമെന്ന ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മന്ദിരത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വാനനിരീക്ഷണ കേന്ദ്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല. പുരാവസ്തു വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം പരിശോധിച്ച് ചരിത്രപരവും 100 വർഷത്തിലധികം പഴക്കവുമുള്ള വാനനിരീക്ഷണകേന്ദ്രം സംരക്ഷിക്കപ്പെടേണ്ടതാണെന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ വാനനിരീക്ഷണ കേന്ദ്രം കേന്ദ്ര സർക്കാരിന്റെ Indian Meteorological Department-ന്റെ കീഴിലായതിനാൽ കേന്ദ്രപൊതുമരാമത്ത് വകുപ്പ് മുഖാന്തരമാണ് നടപടികൾ സ്വീകരിക്കേണ്ടത്.

കുഞ്ഞിമംഗലം മൂശാരി കോവിൽ ശിൽപ പൈതൃക ഗ്രാമം

104 (1540) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഞ്ഞിമംഗലം മൂശാരികോവിൽ 'ശില്പപൈതൃക ഗ്രാമ'മായി പ്രഖ്യാപിക്കുന്നതിന് തുടർനടപടി എടുക്കുന്നതിന് കേരള ലളിതകലാ അക്കാദമിയെ ചുമതലപ്പെടുത്തുമെന്ന് ബഹു. സാംസ്കാരികകാര്യ വകുപ്പുമന്ത്രി 13-6-2014-ലെ സബ്മിഷന് മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ ലളിതകലാ അക്കാദമി എന്തൊക്കെ പഠനങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ബി) അടുത്ത ബഡ്ജറ്റിൽ കുഞ്ഞിമംഗലം മൂശാരികോവിൽ ഗ്രാമത്തെ 'ശില്പപൈതൃക ഗ്രാമ'മായി പ്രഖ്യാപിക്കുന്നതിനും ഫണ്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?